സംബന്ധിച്ച യഥാർത്ഥ വിറ്റുവരവ് വെളിപ്പെടുത്താതിരുന്നിട്ടുണ്ടെങ്കിൽ അത്തരം കേസുകൾ വില്പന നികുതി നിയമത്തിന്റെ ലംഘനമായി കണക്കാക്കി വകുപ്പ് 45(എ) പ്രകാരം ശിക്ഷണ നടപടികൾക്ക് വിധേയമാക്കിയിട്ടുണ്ട്.

(എച്ച്) വകുപ്പ് 5(2) പ്രകാരം നികുതി ഈടാക്കുന്നതിനെതിരെ ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് 1998-2002 കാലയളവിൽ നിലവിലുണ്ടായിരുന്നതിനാൽ പ്രതിമാസ റിട്ടേണുകളിൽ 5(2) പ്രകാരമുള്ള വിറ്റുവരവ് പ്രത്യേകം കാണിക്കുകയോ ആയതിന് നികുതി നൽകുകയോ ചെയ്തിട്ടില്ല.

(ഐ) ഇല്ല.

(ജെ) യാതൊരു ആശയക്കുഴപ്പവും ഉണ്ടായിട്ടില്ല. വില്പന നികുതി പിരിക്കേണ്ടിയിരുന്ന വ്യാപാരികളും യൂണിറ്റുകളും ആയത് ചെയ്യാത്തതുമൂലമുള്ള വിഴ്ചയ്ക്ക് സർക്കാർ ഉത്തരവാദിയല്ല.

കെ.ജി.എസ്.റ്റി. ആക്ടിന്റെ സെക്ഷൻ 5(2)-ന് വരുത്തിയ ഭേദഗതി

40 (3249) ശ്രീ. ബി. വിജയകുമാർ :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ജി.എസ്.റ്റി. ആക്ടിന്റെ സെക്ഷൻ 5(2)-ന് 1998-ൽ വരുത്തിയ ഭേദഗതി എന്തായിരുന്നു ;

(ബി) പ്രസ്തുത ഭേദഗതിയുടെ ഉദ്ദേശ്യം എന്തായിരുന്നു ;

(സി) ഇളവുകൾ അനുവദിക്കപ്പെട്ട എസ്.എസ്.ഐ. യൂണിറ്റുകളും ഖാദി ഗ്രാമ വ്യവസായ യൂണിറ്റുകളും നിർമ്മിക്കുന്ന വസ്തുക്കൾ വാങ്ങുകയും തങ്ങളുടെ 'ബ്രാന്റ് നെയിം' ഉപയോഗിച്ച് വിൽക്കുകയും ചെയ്യുന്ന കമ്പനികൾ നൽകേണ്ട വില്പന നികുതിയെ സംബന്ധിച്ച് കെ.ജി.എസ്.റ്റി. ആക്ടിലെ സെക്ഷൻ 5(2)-ൽ വ്യക്തമായ വ്യവസ്ഥകൾ ഉണ്ടോ ;

(ഡി) ഇളവുകൾ അനുവദിക്കപ്പെട്ട യൂണിറ്റുകളിൽ നിന്നും വാങ്ങി രണ്ടാം വില്പന നടത്തുന്ന ട്രേഡ്മാർക്ക്/ബ്രാന്റ് നെയിം രജിസ്ട്രേഷൻ ഉള്ള കമ്പനികളെയും രജിസ്ട്രേഷൻ ഇല്ലാത്ത കമ്പനികളേയും സംബന്ധിച്ച സെക്ഷൻ 5(2)-ന്റെ വിശകലനത്തിൽ എന്തെങ്കിലും ആശയക്കുഴപ്പം ഉണ്ടായിരുന്നോ എന്ന് വെളിപ്പെടുത്താമോ ;

(ഇ) 1958-ലെ ട്രേഡ് ആന്റ് മെർക്കന്റൈൽ മാർക്സ് ആക്ട് പ്രകാരം 'ട്രേഡ്മാർക്ക്/ബ്രാന്റ് നെയിം ഹോൾഡർ' എന്ന പദവിക്ക് അർഹതയുള്ളവർ ആരാണ് എന്ന് അറിയിക്കാമോ ;

(എഫ്) ഇതേക്കുറിച്ച് 2004-ലെ ഫൈനാൻസ് ആക്ട് പ്രകാരം പുറപ്പെടുവിച്ച വിശദീകരണം എന്തായിരുന്നു ;

(ജി) പ്രസ്തുത ആക്ടിന്റെ സെക്ഷൻ 5(2)-ന്റെ വ്യാഖ്യാനത്തിലും നടപ്പാക്കലിലും ആശയക്കുഴപ്പം ഇല്ലായിരുന്നുവെങ്കിൽ ആറ് വർഷങ്ങൾക്കു ശേഷം 2004-ലെ ഫിനാൻസ് ആക്ട് പ്രകാരം ഒരു വിശദീകരണം പുറപ്പെടുവിക്കുവാനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഏപ്രിൽ 1998-മേയ് 2000 കാലയളവിൽ ഏതെങ്കിലും യൂണിറ്റിന് ഏതെങ്കിലും ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വിശദീകരണ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ : എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ :

(ഐ) മേൽപ്പറഞ്ഞ കാലയളവിൽ സെക്ഷൻ 5(2) പ്രകാരം ടാക്സ് നൽകിയതിലെ കുറവ് ചൂണ്ടിക്കാണിച്ചതുകൊണ്ട് ഏതെങ്കിലും നികുതിദായകന് എതെങ്കിലും അറിയിപ്പ് നൽകിയിട്ടുണ്ടോ : എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ജെ) പ്രസ്തുത വിഷയത്തിൽ ഉണ്ടായിരുന്ന ആശയക്കുഴപ്പം കാരണം ഉണ്ടായ വീഴ്ചയ്ക്ക് നികുതിദായകരെ ശിക്ഷാർഹരാക്കുന്നത് ഉചിതമാണ് എന്നുകരുതുന്നുണ്ടോ ?

ഉത്തരം

(എ) തേയില ഒഴികെയുള്ള ഏതൊരു ഉല്പന്നവും ഒരു ബ്രാന്റ് പേരിലോ, ട്രേഡ്മാർക്കിലോ വില്ക്കുകയാണെങ്കിൽ അത്തരം വില്പന സംസ്ഥാനത്തിനകത്തെ ആദ്യ വില്പനയായി കണക്കാക്കി ആയത് നികുതിക്ക് വിധേയമാക്കുകയെന്നതാണ് ഭേദഗതി.

(ബി) ബ്രാന്റ് പേരിലോ, ട്രേഡ് മാർക്കോ ഉപയോഗിച്ച് പായ്ക്കറ്റിലാക്കി വിൽക്കുന്ന സാധനങ്ങൾക്ക് ആദ്യഘട്ടത്തിനുശേഷം നികുതി ചുമത്തുക എന്നുള്ളതായിരുന്നു ഭേദഗതിയുടെ ഉദ്ദേശ്യം .

(സി) ഉണ്ട്.

(ഡി) ആശയക്കുഴപ്പം ഒന്നും തന്നെയില്ല.

(ഇ) വില്പന നികുതി നിയമപ്രകാരം അത്തരം രജിസ്ട്രേഷൻ നിർബന്ധമല്ലാത്തതിനാൽ പ്രസ്തുത ആക്ടിലെ വകുപ്പുകൾ ഇവിടെ പ്രസക്തമല്ല.

(എഫ്) പൊതുവില്പന നികുതി നിയമത്തിന്റെ വകുപ്പ് 2(6എഎ)യിൽ ബ്രാന്റ് നെയിം എന്നതിന് ഒരു നിർവചനം കൊണ്ടുവന്നതല്ലാതെ വിശദീകരണം ഒന്നും തന്നെ കൊണ്ടുവന്നില്ല.

(ജി) വകുപ്പ് 5(2) പ്രകാരം ബ്രാന്റ് നെയിം/ ട്രേഡ്മാർക്ക് വില്പനകൾക്ക് നികുതി ഈടാക്കിയപ്പോൾ അതിനെതിരെ നിരവധി വ്യാപാരികൾ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും പ്രസ്തുത വകുപ്പിന്റെ സാധുതയെ ചോദ്യം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത കേസുകളിൽ ബഹു. ഹൈക്കോടതി വകുപ്പ് 5(2)-ന്റെ സാധുതയെ ശരിവയ്ക്കുകയും ബ്രാന്റ് നെയിം/ട്രേഡ്മാർക്ക് വില്പനകൾ രജിസ്ട്രേഷൻ കൂടാതെ തന്നെ നികുതി വിധേയമാണെന്ന് വിധിക്കുകയും ചെയ്തു. പ്രസ്തുത വിധികളുടെ അടിസ്ഥാനത്തിൽ വകുപ്പ് 5(2)-ന് കൂടുതൽ സുതാര്യത വരുത്തുന്നതിലേക്കാണ് 2004-ന് ധനകാര്യ നിയമം മുഖേന ബ്രാന്റ്-നെയിമിന് ഒരു നിർവ്വചനം വകുപ്പ് 2 (6എഎ) പ്രകാരം ഉൾക്കൊള്ളിച്ചത്.

(എച്ച്) അറിവില്ല. ചോദ്യം ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഐ) വകുപ്പ് 5(2) പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ വ്യാപാരി നികുതി കുറച്ചു നൽകിയിട്ടുണ്ടെങ്കിൽ യഥാർത്ഥമായ നികുതി ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകാൻ നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ്. അങ്ങനെ നൽകിയിട്ടുള്ള നോട്ടീസുകളുടെ പകർപ്പ് ലഭ്യമല്ല.

(ജെ) 1998-ലെ ധനകാര്യ നിയമം മുഖേന ചേർക്കപ്പെട്ട വകുപ്പ് 5(2) പ്രകാരം നികുതി അടയ്ക്കുവാനുള്ള ബാദ്ധ്യതയെക്കുറിച്ച് യാതൊരുവിധ ആശയക്കുഴപ്പവും നിലനിന്നിരുന്നില്ല. ആയതുകൊണ്ടുതന്നെ യഥാസമയം നികുതി അടയ്ക്കുന്നതിൽ വീഴ്ച വ്യാപാരികളുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതില്ല.

കെ.ജി.എസ്.റ്റി. ആക്ടിന്റെ ഭേദഗതിമൂലം എസ്.എസ്.ഐ. യൂണിറ്റുകൾക്കുണ്ടാകുന്ന പ്രയാസങ്ങൾ

41 (3250) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. കെ. ബാബു :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ജി.എസ്.റ്റി. ആക്ട് 1998-ന്റെ സെക്ഷൻ 5(2)-ന് ഭേദഗതി വരുത്തിയത് എത്ര എസ്.എസ്.ഐ. യൂണിറ്റുകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത യൂണിറ്റുകളുടെ പേരുവിവരം അടങ്ങിയ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ :

(സി) മേൽപ്പറഞ്ഞ യൂണിറ്റുകൾക്ക് കെ.ജി.എസ്.റ്റി. ആക്ടിന്റെ സെക്ഷൻ 45(എ) പ്രകാരം 2002-ൽ നോട്ടീസ് നൽകുന്നതിനുള്ള കാരണം എന്താണ്;

(ഡി) വകുപ്പ് ഉദ്യോഗസ്ഥർക്കും നിയമജ്ഞർക്കും സെക്ഷൻ 5(2)-ന്റെ വ്യാഖ്യാനത്തിലും പ്രാവർത്തികമാക്കലിലും എന്തെങ്കിലും ആശയക്കുഴപ്പം 1998-2002 കാലയളവിൽ ഉണ്ടായിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കാര്യത്തിൽ വകുപ്പ് തലത്തിൽ എന്തെങ്കിലും വിശദീകരണം 1998-2002 കാലയളവിൽ പുറപ്പെടുവിച്ചിട്ടുണ്ടോ;

(എഫ്) ഇത്തരം യൂണിറ്റുകൾ ഏപ്രിൽ 1998 മാർച്ച് 2002 കാലയളവിൽ സാധാരണ രീതിയിൽ നികുതി നൽകിയിരുന്നോ;

(ജി) പ്രസ്തുത കാലയളവിൽ ഇതിൽ എത്ര യൂണിറ്റുകൾ സെക്ഷൻ 5(2) പ്രകാരം നികുതി പിരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഏതൊക്കെ യൂണിറ്റുകളാണ് sl കാലയളവിൽ അവർ വാങ്ങി വിറ്റ ട്രേഡിംഗ് ഗുഡ്സിൽ 5(2) പ്രകാരം നികുതി പിരിക്കാതിരുന്നിട്ടുള്ളത്;

(ഐ) ഭൂരിപക്ഷം യൂണിറ്റുകളും 2002 മാർച്ച് വരെ സെക്ഷൻ 5(2) പ്രകാരമുള്ള നികുതി പിരിച്ചിരുന്നില്ല എന്നത് യാഥാർത്ഥ്യമാണോ;

(ജെ) ഇത്തരം യൂണിറ്റുകൾ പ്രതിമാസ റിട്ടേണുകൾ ഫയൽ ചെയ്തപ്പോൾ നികുതി പിരിവിലുള്ള കുറവ് ചൂണ്ടിക്കാണിച്ച് വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ടോ; അപ്രകാരം ചെയ്തിട്ടില്ലായെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly